(ബി) ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതിന് 2015 ഏപ്രിൽ മാസം വരെ സമയം കേന്ദ്രം അനുവദിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) റേഷൻ കാർഡുകൾ പുതുക്കുന്നതിനുള്ള അപേക്ഷാ ഫാറത്തിന്റെ അച്ചടി പൂർത്തിയാക്കി വിവിധ ജില്ലകളിൽ എത്തിച്ചു കൊണ്ടിരിക്കുന്നു. 1-1-2015 മുതൽ റേഷൻ കടകളിലൂടെ ഫാറം വിതരണം ആരംഭിക്കുന്നതാണ്.

റേഷൻ കാർഡിലെ ബി.പി.എൽ./എ.പി.എൽ. പിശക്

217(3140) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബി.പി.എൽ. വിഭാഗത്തിലുള്ള കുടുംബങ്ങളുടെ റേഷൻകാർഡിൽ എ.പി.എൽ. എന്ന് പിശക് സംഭവിച്ചിട്ടുള്ളത് തിരുത്തി ലഭ്യമാക്കുന്നതിനായി തീരുമാനമെടുക്കുന്നതിനുള്ള അധികാരം നിലവിൽ ആരിലാണ് നിക്ഷിപ്തമായിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) ആയതുമായി ബന്ധപ്പെട്ടിറങ്ങിയ പ്രാബല്യത്തിലുള്ള ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ഇപ്രകാരം തിരുത്തൽ വരുത്തുന്നതിനുള്ള നടപടിക്രമങ്ങളുടെ വിവരം വിശദമാക്കുമോ ;

(ഡി) ഒന്നിലധികം വകുപ്പുകളുടെ നടപടിക്രമങ്ങൾ ഈ വിഷയത്തിൽ ആവശ്യത്തിനായി വരുന്നതിനാൽ നിലവിൽ അപേക്ഷാ തീർപ്പിന് കാലവിളംബം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ അത്തരത്തിലുള്ള കാലവിളംബംമൂലം പാവപ്പെട്ട അപേക്ഷകർക്ക് ചികിത്സാ ആനുകൂല്യങ്ങളടക്കമുള്ളവ നിഷേധിക്കപ്പെട്ടുവരുന്ന സാഹചര്യം സൃഷ്ടിക്കുന്നതാകയാൽ സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കുന്നതിന് അനുബന്ധ വകുപ്പുകളെ ഉൾപ്പെടുത്തി ഒരു പ്രത്യേക വിഭാഗം രൂപീകരിക്കുന്നതിന് തീരുമാനമെടുക്കുമോ ?

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ജില്ലാ കളക്ടർമാരിൽ

(ബി) 5-11-2011-ലെ സ.ഉ.(കൈ)നമ്പർ.38/2011/ഭ.സി.സ.വ. പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) അപേക്ഷകൻ തദ്ദേശസ്വയംഭരണ വകുപ്പ് തയ്യാറാക്കിയിട്ടുള്ള ബി.പി.എൽ. പട്ടികയിൽ ഉൾപ്പെട്ടിട്ടില്ലായെങ്കിൽ, ജില്ലാ കളക്ടർക്ക് അപേക്ഷ നൽകുകയും, ജില്ലാ കളക്ടർ അതിന്മേൽ വിശദമായ അന്വേഷണം നടത്തി, ബി.പി.എൽ. പട്ടികയിൽ ഉൾപ്പെടുത്തുവാൻ സാധിക്കുമെങ്കിൽ ഉൾപ്പെടുത്തുകയും ബി.പി.എൽ.കാർഡിന് അർഹതയുണ്ടെങ്കിൽ ബി.പി.എൽ. കാർഡുകൾ നൽകുവാൻ ഉത്തരവാകുന്നതിന്റെയും അടിസ്ഥാനത്തിൽ ബി.പി.എൽ. കാർഡുകൾ ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസർമാർ നൽകിവരുന്നു.

(ഡി) വിശദമായ അന്വേഷണം ആവശ്യമുള്ളതിനാൽ അപേക്ഷ തീർപ്പിന് കാലതാമസം നേരിടാറുണ്ട്.

(ഇ) നിലവിൽ എയ്ഡ്സ്, ക്യാൻസർ രോഗികളേയും ഡയാലിസിസിന് വിധേയരാകുന്നവരേയും പരസഹായമില്ലാതെ ജീവിക്കാൻ കഴിയാത്തവരും ശരീരം തളർന്ന് ശയ്യാവലംബരായവരേയും ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിന് 27-4-12-ലെ സ.ഉ.(കൈ)നം.112/12/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ അർഹതപ്പെട്ടവർക്ക് ബി.പി.എൽ. കാർഡ് നൽകി വരുന്നുണ്ട്. കൂടാതെ NFSA-2013 നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കാർഡ് പുതുക്കുന്ന ജോലിയിൽ പൊതുവിതരണ വകുപ്പ് ഒന്നടങ്കം വ്യാപൃതമാണ്. ഇത് പൂർത്തിയാകുന്ന മുറയ്ക്ക് അർഹതപ്പെട്ടവർക്ക് കാർഡ് പുതുക്കി നൽകുന്നതാണ്. ഇക്കാരണത്താൽ കാർഡുകൾ നൽകുന്നതിനായി ഒരു പ്രത്യേക വിഭാഗം രൂപീകരിക്കേണ്ടതില്ല.

ഭക്ഷ്യവകുപ്പിലെ അഴിമതി

218(3141) ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കെ. ദാസൻ :
ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഭക്ഷ്യവകുപ്പിൽ അഴിമതി ആരോപിതരായി വിജിലൻസ് അന്വേഷണം നേരിടുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് തലത്തിൽ എന്തുനടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

*ലൈബ്രറിയിൽവച്ചിട്ടുണ്ട്.